# കേരള ഹജ്ജ് ഗ്രൂപ്പ്

**ഹജ്ജ്- 2010**

**നിർദേശങ്ങൾ**

ചൈതന്യവത്തായ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിന് ഹാജിമാർക്ക് സേവനംചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരളാ ഹജ്ജ് ഗ്രൂപ്പിന് ഇസ്‌ലാമിക പ്രസ്ഥാനം രൂപം നൽകിയത്. പ്രസ്ഥാന പ്രവർത്തകരുടെയും പരിശീലനം നൽകി തയ്യാറാക്കിയ ഹാജിമാരുടെ തന്നെയും സേവനങ്ങൾ നാട്ടിലും സഊദിയിലും ഹാജിമാർക്ക് ലഭ്യമാക്കികൊണ്ടാണ് ഈ ദൗത്യം പൂർത്തിയാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1996-ൽ തുടങ്ങി കഴിഞ്ഞ വർഷം വരെ വളരെ വിജയകരമായി ഈ ഗ്രൂപ്പ് ഹജ്ജ് യാത്ര നടത്തുകയുണ്ടായി.കൂടുതൽ ആളുകൾ ഈ ഗ്രൂപ്പിൽ ചേരാൻ ആഗ്രഹിക്കുന്നത് കൊണ്ടും സങ്കീർണ്ണമായ സാങ്കേതിക പ്രയാസം കാരണം നാം കൊണ്ടുപോകുന്ന ഹാജിമാരുടെ എണ്ണം പരിമിതപ്പെടുത്തുന്നതുകൊണ്ടും ആളുകളെ തെരഞ്ഞെടുക്കുന്നതിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിക്കാനും അതുവഴി നറുക്കെടുപ്പിനും നാം നിർബന്ധിതമായിരിക്കുന്നു.

## നിർദേശങ്ങൾ

### അപേക്ഷാഫോറം

ഇതൊന്നിച്ചുള്ള അപേക്ഷാ ഫോറം ഹജ്ജ് രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറമല്ല. ഈ അപേക്ഷകൾവെച്ചുകൊണ്ട് നാം ഉദ്ദേശിക്കുന്ന എണ്ണം ആളുകളെ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. തീരുമാനം വളരെ വേഗം തന്നെ ഉണ്ടാവേണ്ടതുണ്ട്.പൂരിപ്പിച്ച അപേക്ഷാഫോറം മെയ് - 10 ന് വൈകുന്നേരം 7 മണിക്ക് മുമ്പ് കോഴിക്കോട് ഹിറാ സെന്ററിലെ ഹജ്ജ് ഗ്രൂപ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. തപാലിൽ അയച്ചാൽ സമയത്തിന് കിട്ടാതിരിക്കാൻ സാധ്യതയുള്ളതുകൊണ്ട് നേരിട്ടെത്തിക്കാൻ വിശ്വസ്തരായ വ്യക്തികളെയോ കൊറിയർ കമ്പനികളെയോ ഏല്പിക്കുന്നതായിരിക്കും കൂടുതൽ ഉത്തമം. www.jihkerala.org എന്ന വെബ്സൈറ്റ് വഴിയും അപേക്ഷിക്കാം.**അപേക്ഷാഫോറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്.**

സ്ത്രീകൾക്ക് ഹജ്ജ് വിസ അടിച്ചുകിട്ടാൻ ഭർത്താവോ വിവാഹം നിഷിദ്ധമാക്കപ്പെട്ട ബന്ധുക്കളോ (പിതാവ് , മകൻ, സഹോദരൻ) കൂടെയുണ്ടാവുന്നത് നിർബന്ധമാണ്. ഇങ്ങനെ കൂടെയുള്ള ആളെയാണ് മെഹ്റം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

പാസ്പോർട്ട് കയ്യിലില്ലാത്തവർ പാസ്പോർട്ടിന് അപേക്ഷ നൽകി

യാൽ കിട്ടുന്ന രശീതിയിലുള്ള ഫയൽനമ്പറാണ് എഴുതേണ്ടത്.

അപേക്ഷകൻ നാട്ടിലില്ലാത്തതുകൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ അപേക്ഷ തയ്യാറാക്കാൻ ചുമതലപ്പെടുത്തപ്പെട്ട ആളെയാണ് ഉത്തരവാദപ്പെട്ടയാൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള ആളുടെ പേരും വിലാസവും ഹാജിയുമായുള്ള ബന്ധവും 7-ാം നമ്പറിൽ പൂരിപ്പിക്കേണ്ടതാണ്.

## ഹജ്ജ് യാത്രാ ചെലവ് (2010)

അറവ്, അലക്ക്, സിയാറഃ തുടങ്ങിയ ആവശ്യങ്ങളുൾപ്പടെ ഏതാണ്ട് 190000/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

## കേരള ഹജ്ജ് ഗ്രൂപ്പിന്റെ സേവനം

ഈ ഗ്രൂപ്പ് മുഖേന ഹജ്ജിനു പോകുന്നവർക്കു വേണ്ടി താഴെ പറയുന്ന സേവനങ്ങളാണ് ഹജ്ജ് ഗ്രൂപ്പ് നിർവ്വഹിക്കുന്നത്.

1. ഹജ്ജ് യാത്ര തുടങ്ങുന്നതിനു മുമ്പ് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
2. ഗ്രൂപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഹാജിമാർക്ക് വളണ്ടിയർ പരിശീലനം നൽകുക.
4. ഹാജിമാരുടെ രോഗ ശുശ്രൂഷക്കായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
5. ഹജ്ജ് പാക്കേജിൽ ഉൾപ്പെട്ടിട്ടില്ലാത്ത ബലികർമ്മം, അലക്ക്, സിയാറഃ തുടങ്ങിയവക്ക് വേണ്ട സംവിധാനം ഏർപ്പെടുത്തുക.
6. ഹജ്ജിന്റെയും അതുമായി ബന്ധപ്പെട്ട കർമ്മങ്ങളുടെയും ഓരോ ഘട്ടത്തിലും വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുക.
7. ഹജ്ജ് ചൈതന്യവത്തായി നിർവ്വഹിക്കുന്നതിന് ഹാജിമാരെ സഹായിക്കുന്നതോടൊപ്പം ഈ ഇബാദത്തിന്റെ പൂർത്തീകരണത്തിന് പരസ്പരം സഹായം ഉറപ്പ് വരുത്തുക.
8. ഹാജിമാർക്കുള്ള ഇഹ്റാം വസ്ത്രം, സ്ത്രീകൾക്കുള്ള മഫ്ത, ബാഗ്, തോൾസഞ്ചി, കുട എന്നിവ ഉൾക്കൊള്ളുന്ന യാത്രാകിറ്റ് നൽകുക.

## മറ്റു നിർദ്ദേശങ്ങൾ

- സംഘമായി അപേക്ഷ നൽകുന്നവർക്ക് ഒരു കവറിൽ 5 അപേക്ഷകളേ അനുവദിക്കുകയുള്ളൂ.
- ഗ്രൂപ്പ് ലീഡർ പുരുഷനായിരിക്കണം.
- ഒരേ ഗ്രൂപ്പിലുള്ള എല്ലാ അപേക്ഷകരും ഒരേ ജില്ലക്കാരായിരിക്കണം.
- വിവരങ്ങളറിയിക്കുന്നതിന് വിളിച്ചാൽ കിട്ടുന്ന ഒരു ഫോൺ നമ്പറെങ്കിലും എഴുതണം.
- കേരള ഹജ്ജ് ഗ്രൂപ്പിന്റെ ഹജ്ജ് യാത്രാ സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിവരം മെയ് 20നുള്ളിൽ അപേക്ഷകരെ അറിയിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. തപാൽ വഴി അറിയിക്കുന്ന വിവരങ്ങൾ പലപ്പോഴും എത്താതെ പോകുന്നത് കൊണ്ട് ഫോൺ വഴിയായിരിക്കും അറിയിപ്പുകൾ നൽകുന്നത്. അതിനായ് ഫോറം പൂരിപ്പിക്കുമ്പോൾ കൃത്യമായ ഫോൺ നമ്പർ ചേർക്കുക.
- മെയ് 20ന് ശേഷവും വിവരം ലഭിച്ചില്ലെങ്കിൽ 0495-2720752, 2722709 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ വിളിച്ചാൽ ലഭിക്കുന്നതാണ്.
- പ്രായം, രോഗം എന്നീ കാരണങ്ങളാൽ സ്ഥിരമായി പരസഹായമാവശ്യമുള്ള ആളുകൾക്ക് ഹജ്ജ് നിർബന്ധമില്ലാത്തതിനാൽ അവർ ഹജ്ജിന് അപേക്ഷിക്കേണ്ടതില്ല.

എല്ലാ കാര്യങ്ങളും ഭംഗിയായി നിർവ്വഹിക്കുവാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

**സെക്രട്ടറി**
കേരളാ ഹജ്ജ് ഗ്രൂപ്പ്

**കേരള ഹജ്ജ് ഗ്രൂപ്പ്**

പി.ബി.നമ്പർ 833, ഹിറാ സെന്റർ, മാവൂർ റോഡ്, കോഴിക്കോട്-673004
ടെലിഫോൺ: 0495-2720752, 2722709, 9809334555 ഫാക്സ്: 2724524.
E-mail:keralahajjgroup@gmail.com Website: **www.keralahajjgroup.com**